പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4281 — 20.03.2018-ൽ മറുപടിയ്ക്ക്

## എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ താലൂക്കുകളിലും സബ് ആർ.ടി. ഓഫീസുകളും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | മോട്ടോർവാഹന വകുപ്പിൽ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് 6 താലൂക്കുകളിൽ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ കീഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇല്ലെങ്കിൽ എല്ലാ താലൂക്കുകളിലും സബ് ആർ.ടി. ഓഫീസുകളും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ശബരിമല പാതയിൽ ആരംഭിച്ച സേഫ് സോൺ പദ്ധതി സേഫ് കേരള പദ്ധതി എന്ന പേരിൽ കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ